**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5125** **14-03-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ എൽ.പി., യു.പി. അദ്ധ്യാപക ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ നിലവിൽ എൽ.പി., യു.പി. അദ്ധ്യാപകരുടെ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിൽ നിലവിൽ എൽ.പി.വിഭാഗത്തിൽ 15 ഒഴിവുകളും യു.പി വിഭാഗത്തിൽ 53 ഒഴിവുകളും ഉണ്ട്. |
| (ബി) | എൽ.പി., യു.പി. അദ്ധ്യാപകരുടെ ഒഴിവുകൾ പുതിയ ഫിക്സേഷൻ പ്രകാരം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | സ്റ്റാഫ് ഫിക്സേഷൻ നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്. ആയത് പൂർത്തിയായെങ്കിൽ മാത്രമെ പ്രസ്തുത ഒഴിവുകൾ കണക്കാക്കുവാൻ സാധിക്കുകയുള്ളു. |
| (സി) | എച്ച്.എം. തസ്തികയിലെ ഒഴിവിലേയ്ക്ക് താൽക്കാലികമായി പ്രൊമോഷൻ നല്കിയതുവഴി സംജാതമായ ഒഴിവുകൾ (എൽ.പി., യു.പി. അദ്ധ്യാപകർ) റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | എൽ.പി, യു.പി വിഭാഗങ്ങളിൽ പ്രഥമ അദ്ധ്യാപക തസ്തികയിലേയ്ക്ക് താൽക്കാലിക പ്രമോഷൻ വഴി ഉണ്ടായ ഒഴിവുകളും, പ്രമോഷൻ, അന്തർ ജില്ലാ സ്ഥലംമാറ്റം, പുതിയ നിയമനം, തസ്തികമാറ്റ നിയമനം ഉൾപ്പെടെ ഉള്ള ഒഴിവുകളും കണ്ടെത്തി, ആയതിൽ തസ്തിക നിർണ്ണയം മൂലം നഷ്ടപ്പെട്ട ഒഴിവുകൾ കുറവ് ചെയ്ത് ബാക്കി ഉള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ എൽ.പി. വിഭാഗത്തിൽ 27 ഒഴിവുകളും യു.പി. വിഭാഗത്തിൽ 47 ഒഴിവുകളും (രണ്ട് ഒഴിവുകൾ ബൈ ട്രാൻസ്ഫർ നിയമനം ഉൾപ്പടെ) പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ